**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കാട്ടാക്കട കേന്ദ്രമായി പുതുതായി ആരംഭിക്കുന്ന കാട്ടാക്കട താലൂക്കിന്റെ ഉദ്ഘാടന ചെലവുകൾക്ക് താലൂക്കിന്റെ പരിധിയിൽ വരുന്ന ബ്ലോക്ക് പഞ്ചായത്തുകളുടെ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും സംഭാവന നൽകുന്നതിന് - യഥേഷ്ടാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാരണ) നം. **340**/2014/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതിഃ 06.02.2014.

---

പരാമർശംഃ- ബഹുഃ ഡെപ്യൂട്ടി സ്പീക്കറുടെ 17.01.2014-ലെ 1361/2014/DS/VIP നമ്പർ കത്തും 29.01.2014-ലെ 1430/2014/DS/VIP നമ്പർ കത്തും.

**ഉത്തരവ്**

കാട്ടാക്കട കേന്ദ്രമായി പുതുതായി ആരംഭിക്കുന്ന കാട്ടാക്കട താലൂക്കിന്റെ ഉദ്ഘാടനം ബഹുഃ മുഖ്യമന്ത്രി നിർവഹിക്കുന്ന ചടങ്ങിന്റെ സംഘാടന ചെലവുകൾക്കായി താലൂക്കിന്റെ പരിധിയിൽ വരുന്ന ബ്ലോക്ക് പഞ്ചായത്തുകളുടെ ധനസഹായത്തിനുള്ള അനുമതിയാണ് പരാമർശം പ്രകാരം ആവശ്യപ്പെട്ടിട്ടുള്ളത്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. പുതുതായി ആരംഭിക്കുന്ന കാട്ടാക്കട താലൂക്കിന്റെ ഉദ്ഘാടന ചടങ്ങിന്റെ സംഘാടന ചെലവുകൾക്കായി താലൂക്കിന്റെ പരിധിയിൽ വരുന്ന **നേമം, വെള്ളനാട്, പെരുങ്കടവിള എന്നീ ബ്ലോക്ക് പഞ്ചായത്തുകളുടെ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും പരമാവധി 25,000/- (ഇരുപത്തി അയ്യായിരം രൂപ മാത്രം) വീതം** അവരുടെ കമ്മിറ്റി തീരുമാനത്തിനും ഫണ്ടിന്റെ ലഭ്യതയ്ക്കും ബന്ധപ്പെട്ട ധനവിനിയോഗചട്ടങ്ങൾക്കും വിധേയമായി ധനസഹായം നൽകുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

സംഭാവന നൽകുന്ന ബ്ലോക്ക് പഞ്ചായത്തുകൾക്ക് സംഘാടക സമിതി ജനറൽ കൺവീനർ, ആഡിറ്റ് ചെയ്ത വരവ് ചെലവ് കണക്കുകളുടെ അടിസ്ഥാനത്തിൽ ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
എം.ഷാഹുൽ ഹമീദ്,
ഡെപ്യൂട്ടി സെക്രട്ടറി.

ഗ്രാമ വികസന കമ്മിഷണർ, തിരുവനന്തപുരം. (ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഈ ഉത്തരവിന്റെ പകർപ്പ് നൽകേണ്ടതാണ്)
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (തദ്ദേശസ്വയംഭരണ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ&എ), കേരള, തിരുവനന്തപുരം.
ധനകാര്യ (എസ്.എഫ്.സി.) വകുപ്പ്.
സ്റ്റോക്ക് ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ.